March – 2008 Reg. No. : ....................................

Name : ......................................

G-3002

Part-II

# മലയാളം

## (Malayalam)

Maximum : 80 Scores

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

1. കുറിപ്പെഴുതുക.

'മൈതാനത്തിന്റെ നടുവിൽ വച്ച് കൂട്ടുകാരന് പന്ത് പാസ് ചെയ്തശേഷം തിരിച്ചുവരുന്ന ഹിഗ്വിറ്റയെ കാണുവാനായിരുന്നു അച്ചന് ഏറ്റവും ഇഷ്ടം. ഗോൾ പോസ്റ്റിന്റെ പൊരുന്ന ചൂട് അനുഭവിക്കുവാൻ വെറളിപിടിച്ച് തിരിച്ചെത്തുന്ന മറ്റ് ഗോളികളിൽ നിന്ന് വ്യത്യസ്തനായി ഹിഗ്വിറ്റ ഗോൾ പോസ്റ്റിലേയ്ക്ക് മടങ്ങുന്നു – ശാന്തനായി യാതൊരു ഗൃഹാതുരത്വവും കൂടാതെ.'

'ഹിഗ്വിറ്റ' എന്ന കഥയിലെ ഈ പരാമർശം ഗീവർഗീസച്ചൻ എന്ന കഥാപാത്രത്തിന്റെ സവിശേഷ വ്യക്തിത്വത്തിലേയ്ക്കുള്ള ചൂണ്ടുപലകയാണ്. കഥ വിശകലനം ചെയ്ത് സമർത്ഥിക്കുക. **(ഒരു പുറം - സ്കോർ : 8)**

2. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

'വാർത്തകൾ എത്തിക്കുകയാണ് മാധ്യമങ്ങളുടെ ലക്ഷ്യമെങ്കിലും, ഇന്ന് അവയുടെ ഫലം ഇച്ഛകൾ ഉല്പാദിപ്പിക്കുകയാണ്. ആഗ്രഹങ്ങൾ നിർമ്മിക്കുവാനുള്ള, കൊതിപ്പിക്കുവാനുള്ള യന്ത്രങ്ങളായി മാധ്യമങ്ങൾ മാറിക്കൊണ്ടിരിക്കുന്നു.'

കേരളത്തിലെ ദൃശ്യമാധ്യമങ്ങളെ മുൻനിർത്തി ഈ പ്രസ്താവനയിലെ ആശയത്തോട് പ്രതികരിക്കുന്ന കുറിപ്പ് തയ്യാറാക്കുക. **(ഒരു പുറം - സ്കോർ : 8)**

3. കുറിപ്പ് തയ്യാറാക്കുക.

പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നിങ്ങൾ തയ്യാറാക്കിയ 'നാടോടി വിജ്ഞാനകോശ'ത്തിൽ ഉൾപ്പെടുത്തുവാനായി ഏതെങ്കിലും ഒരു നാടൻ കലാരൂപത്തെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയ്യാറാക്കുക. **(അരപ്പുറം - സ്കോർ : 4)**

4. വാർത്ത തയ്യാറാക്കുക.

പത്രം ആഫീസിലേയ്ക്ക് അയച്ചു കിട്ടിയ ഒരു വാർത്തയുടെ ചുരുക്ക രൂപമാണ് താഴെ കൊടുത്തിട്ടുള്ളത്. ഈ വിവരങ്ങൾ അനുയോജ്യമായ വിധത്തിൽ വികസിപ്പിച്ച് മലയാളത്തിൽ വാർത്ത തയ്യാറാക്കുക.

**BIHAR**

Some villagers captured a suspected thief – Beat him ruthlessly – The police constable who came to the spot tied him to his motorbike and dragged him along the road – Human Rights Commission criticised the incident.

ruthlessly – ക്രൂരമായി

dragged – വലിച്ചിഴച്ചു. **(സ്കോർ : 6)**

5. ആശയ സൂചനകൾ എഴുതി വിശദീകരിക്കുക.

'നമ്മുടെ സംസ്കാരം നേരിടുന്ന വെല്ലുവിളികൾ നമ്മുടെയിടയിൽ നിന്നാണ്; ടൂറിസ്റ്റുകളിൽ നിന്നല്ല.'

ടൂറിസത്തെ ന്യായീകരിച്ചുകൊണ്ട് ലേഖകൻ ഉന്നയിക്കുന്ന ഈ അഭിപ്രായത്തെ ഖണ്ഡിക്കുന്ന രണ്ട് ആശയ സൂചനകൾ എഴുതുക. സൂചനകൾ വിശദീകരിക്കുകയും വേണം. **(അരപ്പുറം - സ്കോർ : 4)**

6. താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

"കിണർ - ഒരൊറ്റത്തടി വൃക്ഷം
പുറത്തേയ്ക്കു വീശുന്ന തിരമാലകളില്ല.
ദൂരേയ്ക്കു നീളുന്ന പ്രവാഹങ്ങളില്ല.
സ്വാതന്ത്ര്യത്തിന്റെ ചിറകും
വേഗവുമില്ല.
വേലിയേറ്റങ്ങളും ഇറക്കങ്ങളും
ഉള്ളിലടക്കുന്ന
ഒരു പഴയ വീട്ടമ്മ"

(കിണർ - കെ. ജി. ശങ്കരപ്പിള്ള)

"വരിക്കപ്ലാവിന്റെ തണൽ വൃത്തത്തിൽ
കോഴിക്കുഞ്ഞ് ചന്തങ്ങളണിഞ്ഞു.
മുറ്റത്തും ഇറയത്തും
ഇടനാഴിയിലും മുറികളിലും
കയറിയിറങ്ങി
വീടിന്റെ വ്യാകരണത്തിൽ രസിച്ചു"

(തിരസ്കാരം)

രണ്ട് കാവ്യഭാഗങ്ങളിലും തെളിയുന്ന സമാനാശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക. **(അരപ്പുറം - സ്കോർ : 6)**

7. പ്രഭാഷണം തയ്യാറാക്കുക.

അന്താരാഷ്ട്ര അറിവ് ദിനത്തിൽ (World Knowledge Day) സ്കൂൾ അസംബ്ലിയിൽ, അറിവ് നേടുകയും പകർന്ന് നല്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് നടത്തുന്ന പ്രഭാഷണം തയ്യാറാക്കുക. താഴെ കൊടുത്തിട്ടുള്ള സൂചനകളും പ്രയോജനപ്പെടുത്താം.

സൂചന

- അറിവ് അവകാശമാണ്.
- അറിവ് പകർന്നു നൽകേണ്ടതാണ്.
- അറിവ് നേടാനുള്ള മാർഗ്ഗങ്ങൾ.
- അറിവിന്റെ വ്യാപനവും ലോകത്തിന്റെ വളർച്ചയും. **(ഒരു പുറം - സ്കോർ : 8)**

8. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

'പാഥേർ പാഞ്ചാലി'യിൽ നാല് ദുരിത യാഥാർത്ഥ്യങ്ങളുണ്ട് – ദാരിദ്ര്യം, രോഗം, വാർദ്ധക്യം, മരണം.'

ഈ നാല് യാഥാർത്ഥ്യങ്ങൾ എങ്ങനെയെല്ലാമാണ് സിനിമയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക. **(ഒരു പുറം - സ്കോർ : 8)**

9. താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

മനുഷ്യത്വത്തിന് സംഭവിച്ച അപചയമാണ് 'കൊമാല'യിലും, 'മനുഷ്യപ്രദർശന'ത്തിലും പ്രധാനമായി ചർച്ച ചെയ്യുന്നത്. യാന്ത്രിക സംസ്കാരം മനുഷ്യത്വത്തിനേൽപ്പിച്ച ആഘാതം രണ്ട് സൃഷ്ടികളിലെയും പൊതു ആശയധാരയാണ്.

രണ്ട് രചനകളും താരതമ്യം ചെയ്ത് സമർത്ഥിക്കുക. **(ഒരു പുറം - സ്കോർ : 8)**

10. ആശയ സൂചനകൾ എഴുതുക.

വൃദ്ധജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന 'പടിയിറങ്ങുന്ന വാർദ്ധക്യം' എന്ന ഡോക്യുമെന്ററി ചിത്രത്തിൽ അനിവാര്യമെന്ന് നിങ്ങൾ കരുതുന്ന രണ്ട് ആശയ സൂചനകൾ എഴുതുക.

മാതൃക
- വീടുകളിൽ ഒറ്റയ്ക്കു കഴിയുന്ന വൃദ്ധജനങ്ങൾ
- 
- 

**(സ്കോർ : 4)**

11. കുറിപ്പെഴുതുക.

'കല്ലുവെച്ച നുണകൾ' എന്ന കഥയിൽ നുണ, തമാശ എന്നീ പദങ്ങൾക്കുള്ള അർത്ഥപരമായ ബന്ധവും, വ്യാപ്തിയും വിശകലനം ചെയ്ത് ലഘുക്കുറിപ്പെഴുതുക. **(അരപ്പുറം - സ്കോർ : 4)**

12. പട്ടിക പൂർത്തിയാക്കുക.

താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ നിന്ന് ആവശ്യമുള്ളവ മാത്രം എടുത്ത് യോജിച്ച കളങ്ങളിൽ എഴുതി പട്ടിക പൂർത്തിയാക്കുക.

- ഭാഷ ജന്മസിദ്ധമാണ്.
- ഭാഷ ആർജിത ശേഷിയാണ്.
- എഴുത്തു ഭാഷയെ അടിസ്ഥാനമാക്കിയാണ് വ്യാകരണം നിർമ്മിക്കേണ്ടത്.
- സംസാര ഭാഷയെ അടിസ്ഥാനമാക്കിയാണ് വ്യാകരണം നിർമ്മിക്കേണ്ടത്.
- ഭാഷാജ്ഞാനത്തെ അടിസ്ഥാനമാക്കിയാണ് വ്യാകരണം നിർമ്മിക്കേണ്ടത്.

| പ്രജനക വ്യാകരണം | പരമ്പരാഗത വ്യാകരണം |
|---|---|
| • വാക്യഘടനയാണ് ഭാഷയുടെ അടിസ്ഥാനം. | • |
| • | • |
| • | • നാം എങ്ങനെ എഴുതുകയും പറയുകയും ചെയ്യണമെന്ന് നിർണ്ണയിക്കുന്നു. |

**(സ്കോർ : 4)**

13. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

- യൗവ്വനയുക്തരെ മാത്രം അഭിസംബോധന ചെയ്യുന്ന ഒരു നാഗരികതയാണ് നമ്മുടേത്.
- പുതിയ ലോകത്തിൽ യുവാവാണ് മേൽവിലാസക്കാരൻ.
- ഈ യുവാവിന് ഇഷ്ടമാകുന്ന ഒരുവൾ എന്നതാണ് ഇന്ന് സ്ത്രീകൾ കൊതിക്കുന്ന പദവി.

ലേഖകന്റെ ഈ വാദഗതികളോട് വിയോജിച്ചുകൊണ്ട് പ്രതികരണക്കുറിപ്പെഴുതുക.

**(ഒരു പുറം - സ്കോർ : 8)**